ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

248(540) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരത്തിൽ ഭൂമി വില കുറച്ചുകാട്ടിയ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ വഴി ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതി ദീർഘിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുക വഴി ഇതുവരെ എന്ത് തുക സർക്കാരിന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ഇത്തരം എത്ര കേസുകളാണ് തീർപ്പാക്കാനുള്ളത്; ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇത്തരത്തിൽ തീർപ്പാക്കാനുള്ള കേസുകളിൽ പുതുതായി എന്തെങ്കിലും ഇളവുകൾ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഇ) ഇനിയും തീർപ്പാക്കാനുള്ള കേസുകളിലൂടെ എന്തു തുക സർക്കാരിന് ലഭിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) ഈ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2011 വരെ നിലവിലുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം, 10-12-2010 തീയതി വരെ തീർപ്പാക്കിയ 2,82,615 കേസുകളിൽ നിന്നായി 66,84,00,435 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(സി) 1986 മുതൽ 31-3-2009 വരെ കുടിശ്ശികയായിട്ടുള്ള അണ്ടർ വാല്വേഷൻ കേസുകളിൽ, ഈ പദ്ധതി പ്രകാരം നോട്ടീസയച്ച 12,71,649 കേസുകൾ ഇനിയും തീർപ്പാക്കാനുണ്ട്. കുടിശ്ശിക കേസുകൾക്ക് മുഴുവനും നോട്ടീസുകൾ അയച്ചിട്ടുണ്ട്. കൂടാതെ, ഇലക്ട്രോണിക്/പത്ര മാധ്യമങ്ങൾ വഴി ടി പദ്ധതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നുമുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ടി പദ്ധതി പ്രകാരം ആകെ 100 കോടി രൂപ ലഭിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എഫ്) 'സി' പതിവിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly